# ഗവ. എൽ.പി സ്കൂൾ മുഹമ്മ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026




**നിർദ്ദേശം**

**പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം**

**കേരള സർക്കാർ പൊതുവിദ്യാഭ്യാസവകുപ്പ്**

**തയ്യാറാക്കിയത്**

**എസ്.എം.സി, പി റ്റി എ , എസ് ആർ ജി**

**ഗവ.എൽ.പി.എസ്. മുഹമ്മ**

# ലക്ഷ്യങ്ങൾ

1. എല്ലാകുട്ടികളെയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കുക.
2. ഭിന്നനിലവാരമുള്ള കുട്ടികൾക്കും മറ്റുള്ളകുട്ടികളോടൊപ്പം എത്താനുള്ളപ്രത്യേക പരിശീലനം നൽകുക.
3. എസ്. എം സി എസ് ആർ ജി വിദ്യാലയവികസന സമിതി പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹായത്തോടെ സ്കൂളിലെ പഠനാന്തരീക്ഷം ഭൗതികസാഹചര്യം ഇവ മെച്ചപ്പെടുത്തും.
4. ആധുനിക സാങ്കേതിക വിദ്യ എല്ലാ ക്ലാസ്സ് മുറികളിലും നടപ്പാക്കും.
5. സമൂഹത്തിലെ തിന്മകൾതിരിച്ചറിയുന്നതിനും നന്മകൾ ചെയ്യുന്നതിനും കഴിവുള്ള കുട്ടികളായിമാറ്റി സമൂഹത്തിലേക്ക് അയക്കും.
6. ആരോഗ്യ കലാകായിക പ്രവൃത്തിപരിചയ ഘടകങ്ങൾക്ക് പ്രാധാന്യംകൊടുത്ത് പഠനപ്രവർത്തനങ്ങൾ നടത്തും.
7. ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനം നടത്തും.
8. പുതിയ സ്കൂൾ കെട്ടിടം സാധ്യമാക്കുക.

സ്കുളിൽ എല്ലാമുറികളിലും കമ്പ്യൂട്ടർ ബോർഡ് സ്ഥാപിക്കുക സ്കൂൾ ഗ്രൗണ്ട് പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ക്യാമ്പസ് ആക്കി മാറ്റുക. ജൈവവൈവിധ്യ പാർക്ക് ഔഷധസസ്യത്തോട്ടം. ശലഭോദ്യാനം ഇവയുടെ സംരക്ഷണത്തിൽ കിട്ടികളെ പങ്കാളികളാക്കുക കമ്പ്യൂട്ടർ പഠനം സാധ്യമാക്കുക. തുടങ്ങിയ ലക്ഷ്യങ്ങൾ ഈ വികസന പദ്ധതിയിലൂടെ കൈവരിക്കേണ്ടതാണ്.

# അവസ്ഥ വിശകലനം.

ക്രിസ്തുവർഷം 1917 ജൂലായ് മാസം 14 ാം തിയതി ആരംഭിച്ച ഈ സർക്കാർ വിദ്യാലയം മുഹമ്മ പഞ്ചായത്തിലെയും അതിലുപരി ചേർത്തല വിദ്യാഭ്യാസ ഉപജില്ലയിലെയും മികച്ച പ്രൈമറി വിദ്യാലയമായി ഇന്ന് നിലകൊള്ളുന്നു. മികച്ച പി.ടി.എ; എസ്.എം.സി; എം.പി.ടി.എ ഉച്ചഭക്ഷണ കമ്മിറ്റി; സുരക്ഷാസമിതി ഇവയുടെ യോജിച്ച പ്രവർത്തനങ്ങളിലൂടെയും കർമ്മനിരതരായ അധ്യാപകരുടെ ആത്മാർത്ഥമായ സേവനത്തിലൂടെയും ചുറുചുറുക്കുള്ള കുട്ടികളുടെ പ്രവർത്തന മികവിലൂടെയും ഈ വിദ്യാലയത്തിന്റെ അധ്യയന നിലവാരം ഏറ്റവും മികവുറ്റതാക്കി മാറ്റുന്നതിന് സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരം തന്നെ.

കഴിഞ്ഞ 2 വർഷങ്ങളിലായി കലാ കായിക പ്രവൃത്തി പരിചയ മേളകളിൽ നിറ സാന്നിധ്യമായി മാറുന്നതിനും ഉപജില്ലയിലെ ഓവർ ഓൾ ചാമ്പ്യൻമാരായി മാറുന്നതിനും ഈ കൊച്ചു വിദ്യാലയത്തിനു സാധിച്ചിട്ടുണ്ട്. കൂടാതെ വാങ്മയം, അക്ഷരമുറ്റം മറ്റു പ്രസ്ഥാനങ്ങൾ/സ്ഥാപനങ്ങൾ നടത്തുന്ന പ്രശ്നോത്തരികൾ/മത്സരങ്ങൾ ഇവയിലൂടെ നമ്മുടെ കുട്ടികൾ തുടർച്ചയായി വിജയം ആവർത്തിച്ചു വരുന്നു.

കഞ്ഞിക്കുഴി, മുഹമ്മ, മണ്ണഞ്ചേരി പഞ്ചായത്തുകളിൽ പെട്ട ഉൾപ്രദേശങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസ നിലവാരം നൽകുന്നതിനായി പ്രീ-പ്രൈമറി ഘട്ടം മുതൽ തന്നെ സ്കൂൾ പ്രത്യേക ശ്രദ്ധ കൊടുത്ത് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെയും ബി ആർ സി യുടെയും നിർദ്ദേശിത പ്രോജക്ടുകളും സഫലമാക്കി വരുന്നു. പ്രീ പ്രൈമറി വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനായി 2023-24 അധ്യയനവർഷം എസ്.എസ്.കെ സ്റ്റാർസ് ഫണ്ടിൽ ഉൾപ്പെടുത്തി പത്തു ലക്ഷം രൂപയുടെ വർണ്ണക്കൂടാരം പദ്ധതി പൂർത്തീകരിച്ച് മികവോടെ പ്രവർത്തനം നടന്നു വരുന്നു

കൂടാതെ മലയാളം, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം. അറബി ഭാഷാ ക്ലബ്ബുകളും പരിസ്ഥിതി, ഹരിത ക്ലബ്ബുകളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. മലയാള മനോരമയുമായി ചേർന്ന് "നല്ലപാഠം" മാതൃഭൂമിയുമായി ചേർന്ന് "മധുരം മലയാളം" - വർത്തമാന പത്ര പാരായണം, "സീഡ് ക്ലബ്ബ്" പ്രവർത്തനം ഇവയും നടന്നു വരുന്നു. ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് കൈത്താങ്ങായി 'മലയാളത്തിളക്കം' 'ശ്രദ്ധ' അക്ഷരക്കളരി. ക്ലാസ് ലൈബ്രറികൾ വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു. ഗണിതബോധം ഉറപ്പിക്കുന്നതിന് ഗണിതലാബിന്റെ പ്രവർത്തനങ്ങളും ക്ലാസ് അടിസ്ഥാനത്തിൽ തന്നെ നടപ്പിലാക്കുന്നുണ്ട്. നാലാം ക്ലാസിൽ നിന്നും പുറത്തിറങ്ങുന്ന കുട്ടികൾ ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്യുന്ന രീതിയിൽ പ്രാപ്തരാക്കുന്നു എന്ന ഉറപ്പോടെ ഇംഗ്ലീഷും പ്രാഥമികമായ ഹിന്ദി വിദ്യാഭ്യാസവും കുട്ടികൾക്ക് നൽകിവരുന്നു.

ഐ സി ടി സാധ്യതകൾ ആകുന്ന അത്രയും പ്രയോജനപ്പെടുത്തിവരുന്നു. ഇത്രയും മികവാർന്ന പ്രവർത്തനങ്ങൾ നടക്കുന്നു എങ്കിലും മുഴുവൻ ക്ലാസുകളിലും സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ ഉപകരണങ്ങൾ പ്രവർത്തനക്ഷമം അല്ല. 108 വർഷം പഴക്കമുള്ള കെട്ടിട - വൈദ്യുതീകരണ സംവിധാനങ്ങളുടെ അപാകത/തകരാറുകൾ മൂലം വിലപിടിപ്പുള്ള ഈ ഉപകരണങ്ങളിൽ പലതും പ്രവർത്തനക്ഷമമല്ല. സ്കൂളിന് കൈറ്റിന്റെ സഹായത്തോടെ ലഭിച്ചിട്ടുള്ള 3 ലാപ്ടോപ്പുകളിൽ 2 എണ്ണവും 2 പ്രൊജക്ടറും ഉപയോഗിച്ച് ഇപ്പോൾ പ്രവർത്തനങ്ങൾ നടക്കുന്നു. മുൻ SMC ഇടപെട്ട് നടപ്പിലാക്കിയിരുന്ന Smart class room സാധ്യതകൾ ഇപ്പോൾ ഭാഗികമായി മാത്രമേ മുഴുവൻ സമയം പ്രവർത്തനമാക്കാനാവൂ.

എല്ലാ മാസവും 1-3 പി ടി എ, നൂൺ മീൽ കമ്മിറ്റികൾ നടന്നു വരുന്നു. കൂടാതെ സുരക്ഷാസമിതി, ബോധവൽക്കരണ ക്ലാസുകൾ ഓരോ മാസവും അവസാന വെള്ളിയാഴ്ചകളിൽ ക്ലാസ് പി ടി എ കൾ എല്ലാ ആഴ്ചയിലും എസ് ആർ ജി മീറ്റിംഗുകൾ, പൊതുയോഗങ്ങൾ ഇവ കൃത്യമായി നടന്നുവരുന്നു.

മികച്ച അധ്യയന നിലവാരത്തോടൊപ്പം സ്കൂൾ പി ടി എ യുടെ നേതൃത്വത്തിൽ കായിക പരിശീലനം, പോഷക സമൃദ്ധവും രുചികരവുമായ ഉച്ചഭക്ഷണം ഇവയും നടപ്പിലാക്കി വരുന്നു. 2025-26 അധ്യയന വർഷം കൂടുതൽ മികവുറ്റതാക്കുന്നതിന് ഭൗതിക സാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. സ്കൂൾ ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, അറബി ക്ലാസ് ഇവയും മികച്ച അടുക്കള, ഡൈനിംഗ് ഹാൾ ഇവയും ഇതിൽപ്പെടുന്നു. 108 വർഷം പഴക്കമുള്ള നിലവിലെ സ്കൂൾ കെട്ടിടത്തിനു പകരം ഈ അപര്യാപ്തതകൾ പരിഹരിച്ചുകൊണ്ട് പുതിയ സ്കൂൾ കെട്ടിടത്തിനായി സ്കൂൾ എസ്.എം.സി, പിടിഎ ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ കുട്ടികളുടെ യാത്ര, സൗകര്യത്തിനായുള്ള സ്കൂൾ വാഹനവും. ഇവയെല്ലാം സാധ്യമാകുമെന്ന ശുഭാപ്തി വിശ്വാസത്തോടെ . . . . . . .

## സ്കൂൾ പ്രൊഫൈൽ

Name of School : ഗവ. എൽ.പി.എസ് മുഹമ്മ (34220)
Name of Revenue District : ആലപ്പുഴ
Name of Village : തണ്ണീർമുക്കം തെക്ക്.
Name of Panchayath : മുഹമ്മ - വാർഡ് 11
Name of Block : ആര്യാട്
Name of HM : ജയശ്രീ. എസ്.
Mobile No. : 9497633137.

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക നിയമനങ്ങൾ | താൽക്കാലിക നിയമനം/വിഷയം |
|---|---|---|---|---|
| LP | | | | |
| HM | 1 | 1 | – | – |
| LPST | 3 | 3 | – | – |
| Language Tr. | 1 | — | 1 | ജൂനിയർ ലാംഗ്വേജ് - അറബി. |

# വിദ്യാലയ ജീവനക്കാരുടെ വിവരങ്ങൾ

ഹെഡ്മിസ്ട്രസ് : ശ്രീമതി. എസ് ജയശ്രീ.

അധ്യാപകർ : 1. ശ്രീമതി. അഞ്ജുതിലകൻ

2: ശ്രീമതി. അനുപമ. പി.ജെ.

3: ശ്രീമതി. നിഷ. കെ.വി.

പി.ടി.സി.എം. : ശ്രീ. ചന്ദ്രൻ. പി.കെ.

പ്രീ-പ്രൈമറി അധ്യാപകർ : 1. ശ്രീമതി. നസി. എ.

2. ശ്രീമതി. റഫീമോൾ. എൻ.

പ്രീ-പ്രൈമറി ആയ : ശ്രീമതി. സന്ധ്യ. ഡി.

പാചകം : ശ്രീമതി. രത്നമ്മ. എ.വി.

## ആറാം അധ്യയനദിനം 10 ജൂൺ 2025

### വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലീം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | മറ്റുള്ളവ | | | എ. പി. എൽ | | | ബി. പി. എൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 1 | 11 | 8 | 19 | 0 | 2 | 2 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 9 | 3 | 12 | 2 | 2 | 4 | 7 | 7 | 14 | 4 | 1 | 5 |
| 2 | 1 | 7 | 11 | 18 | 2 | 2 | 4 | 0 | 0 | 0 | 0 | 3 | 3 | 0 | 0 | 0 | 4 | 4 | 8 | 1 | 2 | 3 | 6 | 11 | 17 | 1 | 0 | 1 |
| 3 | 1 | 11 | 18 | 29 | 2 | 1 | 3 | 0 | 0 | 0 | 3 | 0 | 3 | 1 | 0 | 1 | 5 | 15 | 20 | 0 | 2 | 2 | 10 | 11 | 21 | 1 | 7 | 8 |
| 4 | 1 | 15 | 14 | 29 | 3 | 0 | 3 | 0 | 0 | 0 | 3 | 1 | 4 | 0 | 0 | 0 | 9 | 13 | 22 | 0 | 0 | 0 | 13 | 11 | 24 | 2 | 3 | 5 |
| ആകെ | | 44 | 51 | 95 | 7 | 5 | 12 | 0 | 0 | 0 | 6 | 4 | 10 | 1 | 1 | 2 | 27 | 35 | 62 | 3 | 6 | 9 | 36 | 40 | 76 | 8 | 11 | 19 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

# കരട് രേഖ

## ക്ലാസ് 1

# അക്കാദമിക മാസ്റ്റർ പ്ലാൻ = 2025-26  Std : I.

## ഭാഷ.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 1

ലക്ഷ്യം :- അടിസ്ഥാന ഭാഷാശേഷി വികസനം.

പ്രവർത്തനങ്ങൾ.

* കഥകൾ
* പാട്ടുകൾ
* കടംകഥകൾ
* നിർമ്മാണപ്രവർത്തനം
* അഭിനയം - സംഭാഷണം
* സംയുക്ത ഡയറി
* ലഘുപതിപ്പുകൾ തയ്യാറാക്കൽ
* അക്ഷരം - ചിഹ്നങ്ങൾ ഉറപ്പിക്കൽ.

ജൂൺ, ജൂലൈ മാസങ്ങളിൽ എല്ലാദിവസവും അക്ഷരം എല്ലാ കുട്ടികളെയും കൊണ്ട് ക്ലാസിൽ പൊതുവായി ഒരു പ്രാവശ്യം വായിപ്പിക്കുക. ചിഹ്നങ്ങൾ പരിചയപ്പെടുത്തുക. ആഴ്ചയിലൊന്ന് ഒരു (കഥ/കവിത) അധ്യാപികയുടെ നിർദ്ദേശാനുസരണം കുട്ടികൾ തനിയെ വായിച്ച് എഴുതാൻ അവസരം നൽകുന്നു. കൂട്ടക്ഷരങ്ങൾ എല്ലാം പരിചയപ്പെടുത്തുക. ഒന്നാം ക്ലാസ് ജൂൺ to March വരെയുള്ള ക്ലാസ്റൂം പ്രവർത്തനങ്ങളിലൂടെ മുഴുവൻ കുട്ടികളും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമായി മാറാൻ പര്യാപ്തമാവുക.

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - 1

<u>ലക്ഷ്യം</u>: കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ.

<u>പ്രവർത്തനങ്ങൾ.</u>

* ഒറിഗാമി പ്രവർത്തനങ്ങൾ
* ഗണിതകളികൾ
* സങ്കല / ന്യൂനന പട്ടികകൾ പരിചയപ്പെടൽ
* വലുത് / ചെറുത്, കൂടുതൽ / കുറവ്
* ഗണിത രൂപങ്ങൾ പരിചയപ്പെടുത്തൽ
* സങ്കലനം, വ്യവകലനം ഉറപ്പിക്കൽ
* അടിസ്ഥാന ഗണിത ശേഷി വികസനത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ
* ഗണിത പാട്ട്
* 1. മുതൽ 100 വരെയുള്ള സംഖ്യ തിരിച്ചറിയൽ
* രണ്ടക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം ഉറപ്പിക്കുക.

ഒന്നാം ക്ലാസ് പൂർത്തിയാകുമ്പോൾ 100 വരെയുള്ള സംഖ്യകൾ ഉറക്കുക. സങ്കലന ക്രിയയും വ്യവകലന ക്രിയയും ഉറക്കുക, ന്യൂനപട്ടിക, സങ്കലന പട്ടിക ഉറക്കുക.

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - 1

ലക്ഷ്യം.

ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കുക. അധ്യയന വർഷം അവസാനത്തോടെ സ്വന്തമായി വായിക്കാനും എഴുതാനും പറയാനും പര്യാപ്തരാകുക.

പ്രവർത്തനങ്ങൾ -

* English Assembly
* Movie on a week.
* Tr | Lr Interaction in English
* Action songs
* Games
* Conversation
* Story telling
* Teacher Talk in the classroom.

Give more experience for the children for listening and speaking in the classroom. Create a friendly atmosphere in the classroom.

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

# കരട് രേഖ

## ക്ലാസ് 2

## അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിപോഷിപ്പിക്കാൻ പ്രവർത്തനം ആസൂത്രണം ചെയ്യുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗത രചനകളിൽ ഏർപ്പെടുത്തുകയും ചെയ്യുന്നു.

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാ...

### ജൂൺ

* ചിത്രകാർഡുകൾ നൽകൽ [ചിത്രവും പാഠവും ഉൾക്കൊണ്ട്]
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ തന്നെയാണ് [ഓരോ ദിനവും നടക്കുന്ന കാര്യങ്ങൾ mind maping-ന് അവസരം നൽകിയ ശേഷം ഒരു കുട്ടി/ ക്ലാസിൽ അക്കാര്യങ്ങൾ പൊതുവായി പറയുന്നു.]
* വായന സാമഗ്രികൾ നിർമിക്കൽ.
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

### ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
* സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

### ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പു വരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ.
* ചിത്ര വിവരണം
* വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

### സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രീകരിക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാപാത്രങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

### ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

വിവിധ തരത്തിലുള്ള [illegible] തയ്യാറാക്കാൻ വേണ്ടുന്ന മുന്നൊരുക്കം നൽകുന്നു

ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

### നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

### ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാസികകൾ തയ്യാറാക്കുന്നതിന് അവസരം നൽകുന്നു.

### ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു; എന്നത് ഉറപ്പു വരുത്താൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
  [ഭാഷണം, ലേഖനം, എഴുത്ത്].
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർച്ച്

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.
* ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

# കരട് രേഖ

## ക്ലാസ് 3

# അക്കാദമിക മാസ്റ്റർ പ്ലാൻ - Std III

## മലയാളം ജി. എൽ. പി. എസ് മുചാന്ത

ലക്ഷ്യങ്ങൾ: പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും ;

- സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിതസന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും
- കവിതയും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും
- ആസ്വദിച്ച ഭാഷാരൂപങ്ങൾ കഥ, കവിത, നാടൻപാട്ട് കടങ്കഥ പഴഞ്ചൊല്ല് മുതലായവ വരികളും മാതൃകകളും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും (കഥ, കവിത, ഡയറി, ചിത്രം)
- കഥകളുടെയും കവിതകളുടെയും മൂകനാടകം പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
- ലളിതമായ ആശയങ്ങൾ, വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

മുന്നൊരുക്കങ്ങൾ:

**ജൂൺ - ജൂലായ്**

1. കനകച്ചിലങ്ക

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരണം - ക്ലാസ്സ് ലൈബ്രറി നവീകരണം
- നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിതചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണം ശില്പശാല)

- കടങ്കഥകൾ ശേഖരണം -(കുടങ്കഥ പാട്ടുകൾ, പതിപ്പ്,
- കഥയിലെ രാമൻ - കലാകാരനെ പരിചയപ്പെടാം (അഭിമുഖ സംഭാഷണം)
- കലാരൂപങ്ങൾ വേഷവിധാനം (ചിത്രശേഖരണം, ആൽബം
- പാവനാടകത്തെ അടുത്തറിയാം - ശില്പശാല.

ആഗസ്റ്റ് - സെപ്തംബർ

2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടികളുടെ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാര മേള പാചകക്കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വപരിപാടി തയ്യാറാക്കൽ

C.PTA - യിൽ. അവതരണം (നാടൻപാട്ടുകൾ, പാവനാടകം കഥ)

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുടിക്കുറികൾ - അനുഭവങ്ങൾ വിവരണം
- നാടൻ പാട്ട് ശില്പശാല.

# മലയാളം

## മേഖല - ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| സാഹിത്യപ്രതിഭകളെ അടുത്തറിയാം | • കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററിപ്രദർശനം | ജൂൺ | അധ്യാപകർ SMC/PTA |
| | • പുസ്തകമേളയും പ്രദർശനവും | ജൂൺ/ നവംബർ | അധ്യാപകർ SMC/PTA |
| | • ചിത്രഗാലറി | ജനുവരി | MPTA കുട്ടികൾ |
| വായനാപരിപോഷണം | • പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം | നവംബർ | വായനശാല SMC PTA SRG |
| | • വായനാക്കുറി | | |
| | • നാട്ടുവായന | ആഗസ്റ്റ് | " |
| | പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | | |

# പരിസരപഠനം

ലക്ഷ്യം - 1

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക

| S.No | മാസം | പ്രവർത്തനം |
|---|---|---|
| 1. | June-oct | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരആശ്രയത്വം – ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ്ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം. (ഡോക്യുമെന്ററി പ്രദർശനം)<br>• ചർച്ച തെറ്റും ശരിയും. |
| 2. | ജൂൺ-മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3. | ജൂൺ-മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈയിൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ |
| 4. | ജൂൺ | പോസ്റ്റർ നിർമ്മാണം<br>• പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ |
| 5 | മാർച്ച്-മെയ് | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം ക്രമീകരിക്കാം |
| | | ലക്ഷ്യം: 2<br>• കുട്ടികളെ വ്യക്തി ശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക. |
| 1. | ജൂൺ-മാർച്ച് | ദിനകൃത്യങ്ങൾ<br>• ഓരോദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു. |

· കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോദിവസത്തെയും
പരിശോധന ചുമതല ഓരോഗ്രൂപ്പിനായി നൽകുന്നു.

2. ജൂലൈ-മാർച്ച് നമ്പർ വൺ
· ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
· വ്യക്തി ശുചിത്വം ക്ലാസ്സും പരിസര ശുചിത്വം
എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു

3. ജൂൺ-നവം പരിസര നടത്തം
· നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം
· അടുത്തറിയാം സർവ്വേ
· മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.
· പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ.

4. ജൂലൈ-മാർച്ച് നല്ല ശീലം
· പോസ്റ്ററുകൾ തയ്യാറാക്കാം
· പരിസരങ്ങളിൽ പതിക്കാം

ലക്ഷ്യം 3
ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്താം.

1. ജൂൺ-മാർച്ച് ഫീൽഡ് ട്രിപ്പ്
· നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയുന്നതിനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (കുളം, വയൽ, കാട്)

2. ഡിസം-ഫെബ്രു പരീക്ഷണങ്ങൾ
· ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

3. ഡിസം-ഫെബ്രു ശാസ്ത്രജ്ഞനോടൊപ്പം
· ~~ക്ലാസ്~~ ശാസ്ത്രക്ലാസ്
മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു

4. ജൂൺ-മാർച്ച് പക്ഷി നിരീക്ഷണം
പക്ഷി നിരീക്ഷണത്തിന് അവസരം

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം/അറിയാം<br>ലഘുപരീക്ഷണങ്ങൾ<br>കണ്ടെത്തുന്ന<br>കുറിപ്പ് തയ്യാറാക്കൽ | ജൂൺ<br>ജൂലായ്<br>ആഗസ്റ്റ് |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ വൈവിധ്യപാർക്ക്<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതിസംരക്ഷണ<br>പ്രവർത്തനങ്ങൾ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ |
| ശാസ്ത്രപരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്രപ്രതിഭകളെ കണ്ടെത്തൽ<br>പരീക്ഷണം വീട്ടിലും<br>ശാസ്ത്രമാസികകൾ | ജനുവരി<br>മാർച്ച് |

# ഗണിതം

## ജൂൺ - ജൂലായ് -

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- ചതുരം വട്ടം ത്രികോണം എന്നീരൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ. തോരണം, പട്ടം നിർമ്മാണം, തോണി നിർമ്മാണം വെണ്ടയ്ക്കയിൽ പ്രിന്റിംഗ്
- ചതുരം വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തു വച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കൽ

## ജൂലായ് - ആഗസ്റ്റ്

- ഓരോകുട്ടിക്കും കണക്കുപെട്ടി, ഗണിത ലോകത്തിൽ (1 to 100) എഴുതിയത് നിർമ്മിക്കേണ്ടതാണ്
- കറൻസി നോട്ടുകൾ (ഓരോനോട്ടുകളും 10 എണ്ണം വീതം)
- കമ്പ് കെട്ടുകൾ
- സംഖ്യാ സ്ട്രിപ്പുകൾ
- അബാക്കസ് നിർമ്മാണം

## ആഗസ്റ്റ് - സെപ്റ്റംബർ

- പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം (സങ്കലനം വ്യവകലനം)

## ഒക്ടോബർ

- സ്കെയിൽ നിർമ്മാണം
- കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം

## നവംബർ, ഡിസംബർ

ഗുണന വസ്തുത ചാർട്ട് നിർമ്മാണം

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ജ്യാമിതീയ രൂപങ്ങളും തിരിച്ചറിയാം | ഒറിഗാമിയിലൂടെ രസകരമായി ഗണിതപഠനവും നിർമ്മാണപ്രവർത്തനങ്ങളുടെ ആസൂത്രണവും | ഒക്ടോബർ |
| | ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ജനുവരി |

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

# കരട് രേഖ

## ക്ലാസ് 4

## AMP - English IV

### English Assembly

| Objectives | Activity | Time Duration | Responsibility | Finance |
|---|---|---|---|---|
| Read and write English well | conduct an English assembly each week | Through out the Year | class Teacher | |

### English Diary

| | | | | |
|---|---|---|---|---|
| Make the child to write English | Allow the child to write every day activity in English | Through out the year | class teacher | |

### Readers Theatre / English Theatre

| | | | | |
|---|---|---|---|---|
| creative use of english language | use discourses creatively (Skit, Drama conversation, story telling) | Once in three month | class Teacher | SMC |

### English Magazine

| | | | | |
|---|---|---|---|---|
| write english creatively | Make a magazine including the write ups of children | once in an year | HM Class Teacher SMC | SMC |

### English Hand writing

| | | | | |
|---|---|---|---|---|
| Write English beautifully | Allow the child to write cursive writing. | Every day | class Teacher | |

### English corner

| | | | | |
|---|---|---|---|---|
| Boost English Reading | make reading corner library including the books according to the level of children | Once in two weeks | class Teacher | Parents |

### English Test

| | | | | |
|---|---|---|---|---|
| make a child to speak and present Fluent English | Reading competition writing competition | Once in an year | class Teacher | parents |

## AMP - EVS

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം

പ്രകൃതിനടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട Field trip സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| | ശാസ്ത്രമേള | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിന്റെ ഭാഗമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG CPTA class teacher | PTA Parents |
| | ശാസ്ത്രയാത്ര | | | |
| ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ | വാനനിരീക്ഷണ മേളം | | | |
| അന്വേഷണാത്മകത വളർത്തൽ | ശാസ്ത്ര മേഖലകളിൽ പ്രദർശനങ്ങൾ | ആവശ്യാനുസരണം | HM SRG CPTA | PTA Parent |
| | ഭൂപടമൊരുക്കൽ | | | |
| കേരളം - ഇന്ത്യ ഭൂപട വായന സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന | വർഷത്തിലൊന്ന് | SRG class teacher | PTA |
| | ശാസ്ത്രവിസ്മയ ചുവർ | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ ഇവ പ്രദർശിപ്പിക്കുക | ആവശ്യാനുസരണം | SRG Class teacher | PTA |
| | ശാസ്ത്രോത്സവം | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രകാശനം | പതിപ്പ്, ചാർട്ട്, ആൽബം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | HM SRG Class teacher | PTA |

## ഗണിതം - Std IV - AMP

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

### കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തി. |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ-നടപ്പാക്കൽ മൂല്യനിർണയം (ഏണിയും പാമ്പും ഡൈസ് കളി) സങ്കലനം-വ്യവകലനം | വർഷം മുഴുവൻ | SRG class teacher | |

### ഒറിഗാമി / ടാൻഗ്രാം

| | | | | |
|---|---|---|---|---|
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമിയിലൂടെ ടാൻഗ്രാമിലൂടെ നിർമ്മാണം പ്രദർശനം | വർഷത്തിലെ ദിനങ്ങൾ | Class Teacher | PTA |

### ഗണിതലാബ്

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഉപകരണങ്ങൾ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG Class Teacher | PTA |

### ഗണിതച്ചുമർ

| | | | | |
|---|---|---|---|---|
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class Teacher | PTA |

### ഗണിത ക്ലബ്

| | | | | |
|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രകാശനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG class Teacher | PTA |